# GURUKULAM

The Indian School of Culture, Languages & Arts
P.O Box 521
White Plains, New York 10602

# Reading

## Level 2

ഗുരുകുലം

The Indian School of Culture, Languages & Arts
P.O Box 521
White Plains, New York 10602

പേര്: ____________________

Group: ________

Teacher: ____________________

For Private Circulation Only

# Malayalam

# Reading

# Level 2

Prepared for Gurukulum
By Cherian P. Joseph and Diana Cherian
2002-2003

# ഗുരുകുലം

# പാഠം ഒന്ന്

## അത്യാഗ്രഹിയായ കൃഷിക്കാരൻ

ഒരിക്കൽ, അത്യാഗ്രഹിയായ ഒരു താറാവു കൃഷിക്കാരൻ ഉണ്ടായിരുന്നു. ദിവസവും ഒരു സ്വർണ്ണമുട്ട ഇടുന്ന ഒരു താറാവും അയാൾക്ക് ഉണ്ടായിരുന്നു. അയാൾ സ്വർണ്ണമുട്ട ദിവസവും വിററ് പണക്കാരനായി. അത്യാഗ്രഹിയായ അയാൾക്ക് താറാവിൻെറ വയററിൽ ഉള്ള സ്വർണ്ണമുട്ടകൾ ഏല്ലാം ഒന്നിച്ചു വേണം എന്നു തോന്നി. അതുകൊണ്ട് അയാൾ താറാവിനെ പിടിച്ചു അതിൻെറ വയറു ഒരു കത്തി കൊണ്ട് കീറി. അതിൻെറ വയററിൽ ഒരേ ഒരു മുട്ട മാത്രമേ കിടന്നിരുന്നുള്ളു. മാത്രമല്ല, എന്നും ഒരു സ്വർണ്ണമുട്ട തന്നിരുന്ന താറാവ് ചത്തും പോയി.

**അത്യാഗ്രഹം ഉള്ളതും നശിപ്പിക്കും.**

GURUKULAM

പാഠം ഒന്ന് അത്യാഗ്രഹിയായ കൃഷിക്കാരൻ തിയതി:________

## അഭ്യാസം

I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. ഒരി____ൽ __________ 2. ദിവ___വും ____________
3. അയാ___ക്ക് __________ 4. സ്വർ___മുട്ട ____________
5. വ___ററിൽ __________ 6. മാത്ര____ല്ല ____________

II. ഉചിതമായ ഇംഗ്ളിഷ് പദങ്ങൾ എഴുതുക.

1. കൃഷിക്കാരൻ __________ 2. ഒന്നിച്ചു __________
3. പണക്കാരൻ __________ 4. പിടിച്ചു __________
5. നശിപ്പിക്കുക __________ 6. മാത്രം __________
7. അത്യാഗ്രഹം __________ 8. ചത്തു __________
9. സ്വർണ്ണം __________ 10. കീറി __________

III. മലയാളത്തിൽ ഉത്തരമെഴുതുക.

1. കൃഷിക്കാരൻ എങ്ങിനെയാണ് ധനവാനായത്?

______________________________________

2. എന്തിനാണ് കൃഷിക്കാരൻ താറാവിൻെറ വയറ് കീറിയത്?

______________________________________

3. ഈ കഥയുടെ ഗുണപാഠം എഴുതുക

______________________________________

IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| കൃഷിക്കാരൻ | സ്വർണ്ണമുട്ട | പണക്കാരൻ | ഒന്നിച്ചു |
| പോയി | മാത്രമല്ല | വയററിൽ | തന്നിരുന്ന |
| അയാൾക്ക് | അത്യാഗ്രഹി | വിററ് | പിടിച്ചു |

**പാഠം ഒന്ന്** **അത്യാഗ്രഹിയായ കൃഷിക്കാരൻ** Date:_______

## ഗ്രഹപാഠം

**I.** താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1. എന്നും:_______________________________
2. ഏല്ലാം:_______________________________
3. മാത്രം: _______________________________
4. വിററ്: _______________________________

**II.** കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.

ആരെയാണ് കേൾപ്പിച്ചത്? __________. :)

____________________

**III.** കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

_______________________________

_______________________________

_______________________________

_______________________________

_______________________________

**IV.** കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ സ്കൂളിൽ നടന്ന എതെങ്കിലും കാര്യത്തെ പററി മൂന്ന് വാചകങ്ങൾ എഴുതുക.

_______________________________

_______________________________

_______________________________

# ഗുരുകുലം

## പാഠം രണ്ട്

### എറുമ്പും പ്രാവും

ഒരു ദിവസം ഒരു എറുമ്പ് ഒരു കുളത്തിൽ വീണു. അത് വെള്ളത്തിൽ കിടക്കുന്നത് അടുത്ത് ഒരു മരത്തിൽ വിശ്രമിച്ചിരുന്ന ഒരു പ്രാവ് കണ്ടു. ആ പ്രാവ് ഒരു ഇല കുളത്തിൽ എറിഞ്ഞു കൊടുത്തു. ആ ഇലയിൽ കയറി എറുമ്പ് ഭദ്രമായി കരയിൽ എത്തി. മറ്റൊരു ദിവസം ഒരു വേട്ടക്കാരൻ അവിടെ വന്നു. അയാൾ പ്രാവിനെ കണ്ടു. ഉടനെ വില്ല് കുലച്ച് പ്രാവിനെ ഉന്നം വെച്ചു. എറുമ്പ് ഇതു കണ്ടു. ഉടനെ എറുമ്പ് വേട്ടക്കാരൻെറ കാലിൽ കടിച്ചു. അയാളുടെ ഉന്നം തെറ്റി അമ്പ് പാഞ്ഞ് പോയി. രക്ഷപ്പെട്ട പ്രാവ് സ്വതന്ത്രമായി പറന്നും പോയി.

**നിസ്വാർത്ഥമായ കർമ്മത്തിന് സൽഫലം ഉണ്ടാകും**

GURUKULAM

പാഠം രണ്ട് എറുമ്പും പ്രാവും തിയതി:________

## അഭ്യാസം

**I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.**

1. ക__റി__________ 2. ക__യിൽ __________
3. ഉ__നെ__________ 4. മരത്തി__ __________
5. ദി__സം __________ 6. ഭദ്ര__ായി __________

**II. ഉചിതമായ ഇംഗ്ളിഷ് പദങ്ങൾ എഴുതുക.**

1. എറുമ്പ് __________ 2. വിശ്രമിച്ചു __________
3. പ്രാവ് __________ 4. ഭദ്രമായി __________
5. അമ്പ് __________ 6. വേട്ടക്കാരൻ__________
7. ഇല __________ 8. സ്വതന്ത്രം __________
9. കടിച്ചു __________ 10. അടുത്ത് __________

**III. മലയാളത്തിൽ ഉത്തരമെഴുതുക.**

1. എന്തിനാണ് പ്രാവ് ഇല കുളത്തിൽ എറിഞ്ഞു കൊടുത്തത്?

______________________________

2. എങ്ങിനെയാണ് എറുമ്പ് ഭദ്രമായി കരയിലെത്തിയത്?

______________________________

3. എന്തു കൊണ്ട് പ്രാവിന് രക്ഷപെടാൻ കഴിഞ്ഞു?

______________________________

**IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.**

| | | | |
|---|---|---|---|
| എറുമ്പും | പ്രാവും | വിശ്രമിച്ചിരുന്ന | എറിഞ്ഞു |
| കൊടുത്ത | ഭദ്രമായി | കരയിൽ | വേട്ടക്കാരൻ |
| കുളത്തിൽ | അയാളുടെ | തെറ്റി | സ്വതന്ത്രം |

GURUKULAM

പാഠം രണ്ട് എറുമ്പും പ്രാവും തിയതി:________

## ഗ്രഹപാഠം

I. താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1. കടിച്ചു :________________________________
2. എറിഞ്ഞു :________________________________
3. കൊടുത്തു :________________________________
4. അടുത്ത് :________________________________

II. കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.
ആരെയാണ് കേൾപ്പിച്ചത്? __________. :)

____________________

III. കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

________________________________

________________________________

________________________________

IV. കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ സ്കൂളിൽ നടന്ന എന്തെങ്കിലും കാര്യത്തെ പററി മൂന്ന് വാചകങ്ങൾ എഴുതുക.

________________________________

________________________________

________________________________

GURUKULAM

# ഗുരുകുലം

## പാഠം മൂന്ന്

## സിംഹവും കടുവായും

ഒരിയ്ക്കൽ ഒരു മാൻ ഒരു കാട്ടിൽ വെടിയേറ്റ് കിടന്നിരുന്നു. ഒരു സിംഹവും ഒരു കടുവായും ഈ മാനിനു വേണ്ടി തർക്കമായി. ഞാനാണ് മാനിനെ ആദ്യം കണ്ടത് എന്ന് സിംഹവും അല്ല താനാണ് എന്ന് കടുവായും തമ്മിൽ വാശി പിടിച്ചു. ഒടുവിൽ രണ്ടു മൃഗങ്ങളും തമ്മിൽ കലഹമായി. തമ്മിൽ മത്സരിച്ച് ബലാബലം നോക്കുകയായി. ആ സമയത്ത് അവിടെ ഒരു കുറുനരി എത്തി. അത് മാനിനെ കണ്ടു അതിനെ സുഖമായി ഭക്ഷിച്ചു. തളർന്ന് വഴക്ക് നിറുത്തിയ സിംഹവും കടുവായും സംഗതി മനസിലാക്കി. അപ്പോൾ അവർ തങ്ങളുടെ വിഡ്ഢിത്തം ഓർത്ത് വ്യസനിച്ചു.

**തമ്മിൽ തമ്മിൽ മത്സരിയ്ക്കുന്നത് വെറുതേയുള്ളവർക്ക് ഉപകാരമാകും.**

പാഠം മൂന്ന്     സിംഹവും കടുവായും     തിയതി: ________

## അഭ്യാസം

I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. സിം____ം ____________
2. ത____ർന്ന് ____________
3. വ ____ക്ക് ____________
4. സു____മായി ____________
5. തർ____മായി ____________
6. മൃ____ങ്ങൾ ____________

II. ഉചിതമായ ഇംഗ്ളിഷ് പദങ്ങൾ എഴുതുക.

1. കടുവാ ____________
2. മാൻ ____________
3. കണ്ടു ____________
4. വാശി ____________
5. ഭക്ഷിച്ചു ____________
6. വിഡ്ഢിത്തം ____________
7. വ്യസനിച്ചു. ____________
8. ഒടുവിൽ ____________
9. സംഗതി ____________
10. തമ്മിൽ ____________

III. മലയാളത്തിൽ ഉത്തരമെഴുതുക.

1. സിംഹവും കടുവായും എന്തിനുവേണ്ടി തർക്കിച്ചു?

________________________________________

2. കുറുനരി അവിടെ എത്തിയപ്പോൾ എന്തുകണ്ടു?

________________________________________

3. കുറുനരി എന്തു ചെയ്തു?

________________________________________

IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| ഒരിയ്ക്കൽ | കാട്ടിൽ | വെടിയേറ്റു | ഞാനാണ് |
| ആദ്യം | സിംഹവും | തമ്മിൽ | മത്സരിച്ച് |
| വിഡ്ഢിത്തം | സുഖമായി | ഭക്ഷിച്ചു | വഴക്ക് |

GURUKULAM

പാഠം മൂന്ന് സിംഹവും കടുവായും തിയതി: ________

## ഗ്രഹപാഠം

**I.** താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1. തർക്കിച്ചു: ______________________________
2. തമ്മിൽ: ______________________________
3. സുഖമായി: ______________________________
4. തളർന്ന്: ______________________________

**II.** കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.
ആരെയാണ് കേൾപ്പിച്ചത്? __________. :)

______________________

**III.** കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

______________________________

______________________________

______________________________

______________________________

**IV.** കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ സ്കൂളിൽ നടന്ന എന്തെങ്കിലും കാര്യത്തെ പററി മൂന്ന് വാചകങ്ങൾ എഴുതുക.

______________________________

______________________________

______________________________

# ഗുരുകുലം

## പാഠം നാല്

## കുറുനരിയും കാക്കയും

ഒരു ദിവസം ഒരു കേക്കുകഷ്ണവുമായി ഒരു കാക്ക ഒരു മരത്തിൻെറ കൊമ്പിൽ വന്നിരുന്നു. ആ വഴിക്കു വന്ന ഒരുകുറുനരി അത് കണ്ടു. കേക്ക് തട്ടിയെടുക്കാൻ അത് ഒരു ഉപായം കണ്ടെത്തി. അതു കാക്കയുടെ അഴകിനെ-പ്പററിയും മധുരമായി പാടുവാനുള്ള കഴിവിനെപ്പററിയും മുഖസ്തുതി പറഞ്ഞു. കാക്കയുടെ മധുരമായ ഗീതം കേൾക്കുവാനുള്ള ആഗ്രഹവും പ്രകടിപ്പിച്ചു. കാക്ക കുറുനരിയുടെ മുഖസ്തുതി വിശ്വസിച്ചു. അത് പാടുവാൻ തുടങ്ങി പാവം കാക്ക! കാക്ക പാടുവാൻ വാ തുറന്നതും കേക്കു നിലത്തു വീണതും കുറുനരി കേക്കുകഷ്ണ- വുമായി സ്ഥലം വിട്ടതും ഒപ്പം കഴിഞ്ഞു.

**മുഖസ്തുി പറയുന്നവർ**
**സ്വാർത്ഥന്മാരാണ്**

പാഠം നാല് കുറുനരിയും കാക്കയും തിയതി:________

## അഭ്യാസം

I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. ദി__സം ________ 2. മ__ത്തിൻെറ ________
3. മധുര__ായി ________ 4. പ__ഞ്ഞു ________
5. ആഗ്ര__വും ________ 6. നി__ത്തു ________

II. ഉചിതമായ ഇംഗ്ളിഷ് പദങ്ങൾ എഴുതുക.

1. കഷ്ണം ________ 2. കൊമ്പിൽ ________
3. ഉപായം ________ 4. മുഖസ്തുതി ________
5. മധുരം ________ 6. വിശ്വസിച്ചു ________
7. കഴിഞ്ഞു ________ 8. വീണു ________
9. തുടങ്ങി________ 10. പ്രകടിപ്പിച്ചു ________

III. മലയാളത്തിൽ ഉത്തരമെഴുതുക.

1. കുറുനരി എന്താണ് കണ്ടത്?

________________________________________

2. കുറുനരി എന്താണ് കാക്കയോട് പറഞ്ഞത്?

________________________________________

3. കാക്കയുടെ കേക്കുകഷ്ണം എങ്ങിനെ നഷ്ടപ്പെട്ടു?

________________________________________

IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| കാക്ക | കൊമ്പിൽ | ഉപായം | കണ്ടെത്തി |
| പ്രകടിപ്പിച്ചു | മുഖസ്തുി | സ്ഥലം | കഴിവിനെപ്പററി |
| കേക്കുകഷ്ണം | കേൾക്കുവാൻ | ആഗ്രഹം | വിട്ടതും |

GURUKULAM

പാഠം നാല്  കുറുനരിയും കാക്കയും  തിയതി:________

## ഗ്രഹപാഠം

I. താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1. ഉപായം:________________________________
2. വിശ്വസിച്ചു:________________________________
3. കഷ്ണം: ________________________________
4. തുടങ്ങി:________________________________

II. കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.

ആരെയാണ് കേൾപ്പിച്ചത്? __________. :)

____________________

III. കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

________________________________

________________________________

________________________________

________________________________

IV. കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ സ്കൂളിൽ നടന്ന എതെങ്കിലും കാര്യത്തെ പററി മൂന്ന് വാചകങ്ങൾ എഴുതുക.

________________________________

________________________________

________________________________

GURUKULAM

## ഗുരുകുലം

# പാഠം അഞ്ച്

## കുറുനരിയും മുന്തിരിപ്പഴവും

ഒരു ദിവസം ഒരു കുറുനരി വിശന്ന് ഭക്ഷണത്തിനു വേണ്ടി അലഞ്ഞു നടക്കുകയായിരുന്നു. ഒടുവിൽ അത് ഒരു മുന്തിരിതോട്ടത്തിൽ നിറയെ മുന്തിരി-ക്കുലകൾ കിടക്കുന്നത് കണ്ടു. കുറുനരി മുന്തിരി-ക്കുലകൾ പറിയ്ക്കുവാനായി ഉയരത്തിൽ ചാടി. പക്ഷേ പലതവണ ശ്രമിച്ചിട്ടും പഴങ്ങളെ തൊടുവാൻ കഴിഞ്ഞില്ല. അവശനായ കുറുനരി ഒടുവിൽ സ്വയം സമാധാനിച്ചു. "ഈ പഴങ്ങൾ പുളിക്കുന്നതാണ് എനിക്ക് അത് ആവശ്യമില്ല".

ഇളിഭ്യരാകുന്നവർ എന്തെങ്കിലും മുടന്തൻ ന്യായം പറയുക പതിവാണ്

GURUKULAM

പാഠം അഞ്ച്     കുറുനരിയും മുന്തിരിപ്പഴവും     തിയതി:________

## അഭ്യാസം

I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. വി__ന്ന് __________
2. കുറു__രി __________
3. നി__യെ __________
4. മൂട__ൻ __________
5. പഴ__ൾ __________
6. അവ__നായ __________

II. ഉചിതമായ ഇംഗ്ളിഷ് പദങ്ങൾ എഴുതുക.

1. ന്യായം __________
2.. വേണം __________
3. അലഞ്ഞു __________
4. ചാടി __________
5. ഒടുവിൽ __________
6. സമാധാനം __________
7. പുളി __________
8. ശ്രമിച്ചു __________
9. പക്ഷേ __________
10. സ്വയം__________

III. മലയാളത്തിൽ ഉത്തരമെഴുതുക.

1. കുറുനരി എന്തിനു വേണ്ടി അലഞ്ഞു നടന്നു?

__________________________________________

2. മുന്തിരിതോട്ടത്തിൽ കുറുനരി എന്താണ് കണ്ടത്?

__________________________________________

3. കുറുനരി എന്തുകൊണ്ട് സ്വയം സമാധാനിച്ചു?

__________________________________________

IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| എന്തെങ്കിലും | ആവശ്യമില്ല | മുന്തിരിതോട്ടത്തിൽ | ഉയരത്തിൽ |
| തൊടുവാൻ | പക്ഷേ | പതിവാണ് | ശ്രമിച്ചിട്ടും |
| പുളിക്കുന്നതാണ് | ഒടുവിൽ | എനിക്ക് | വേണ്ടി |

പാഠം അഞ്ച് കുറുനരിയും മുന്തിരിപ്പഴവും തിയതി: ________

## ഗ്രഹപാഠം

**I.** താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1. വിശന്ന് ________________________________
2. ഒടുവിൽ ________________________________
3. ശ്രമിച്ചു ________________________________
4. കഴിഞ്ഞില്ല ________________________________

**II.** കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.

ആരെയാണ് കേൾപ്പിച്ചത്? __________. :)

____________________

**III.** കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

________________________________

________________________________

________________________________

________________________________

**IV.** കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ സ്കൂളിൽ നടന്ന എതെങ്കിലും കാര്യത്തെ പററി മൂന്ന് വാചകങ്ങൾ എഴുതുക.

________________________________

________________________________

________________________________

പേര്:__________ തിയതി:________

പാഠം 6

## അത്യാർത്തിയുള്ള നായ

ഒരു നായ ഭക്ഷണത്തിനു വേണ്ടി അലഞ്ഞു നടക്കുമ്പോൾ വഴിയിൽ വച്ച് അതിന് ഒരു എല്ലു കിട്ടി. അത് എല്ല് കടിച്ചു പിടിച്ച് പോകുമ്പോൾ വഴിയിൽ ഒരു പാലം കടക്കേണ്ടതുണ്ടായിരുന്നു. നായ വെള്ളത്തിൽ അതിൻെറ നിഴൽ കണ്ടു. അത് വേറൊരു നായാണന്നു അതിനു തോന്നി. ആ നായുടെ വായിലുള്ള എല്ലും തനിക്ക് വേണമെന്ന് അത് ആർത്തിപിടിച്ചു. അതിനായി അത് കുരച്ചപ്പോൾ അതിൻെറ വായിലുള്ള എല്ലും വെള്ളത്തിൽ വീണു നഷ്ടപ്പെട്ടു പോയി.

അത്യാർത്തി കാരണം ഉള്ളതും നഷ്ടപ്പെടും

GURUKULAM

പാഠം 6 തിയതി:______

## അഭ്യാസം

I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. വഴി__ിൽ ________
2. വെ__ത്തിൽ ________
3. വേ__മെന്ന്________
4. നഷ്ടപ്പെ__ട്ടു ________
5. ക__ിച്ചു ________
6. അതി__ായി ________

II. ഉചിതമായ ഇംഗ്ലിഷ് പദങ്ങൾ എഴുതുക.

1. എല്ല് ________
2. വഴി ________
3. വെള്ളം ________
4. നിഴൽ ________
5. വേറൊരു ________
6. പാലം ________
7. കുരച്ചു ________
8. നടക്കുക ________
9. അത്യാർത്തി ________
10. പിടിച്ചു ________

III. മലയാളത്തിൽ ഉത്തരമെഴുതുക.

1. വഴിയിൽ വച്ച് നായ്ക്ക് എന്ത് കിട്ടി?

________________________________

2. നായ പോയ വഴിയ്ക്ക് എന്തുണ്ടായിരുന്നു?

________________________________

3.. വെള്ളത്തിൽ നായ എന്തു കണ്ടു?

________________________________

IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| ഭക്ഷണത്തിനു | വേണ്ടി | അലഞ്ഞു | നായുടെ |
| വായിലുള്ള | അത്യാർത്തി | ആർത്തിപിടിച്ചു | വെള്ളത്തിൽ |
| തനിക്ക് | കുരച്ചപ്പോൾ | അതിനായി | വീണു |

GURUKULAM

പാഠം 6

തിയതി: ________

## ഗൃഹപാഠം

I. താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1.: വേറൊരു ________________________________

2.: അത്യാർത്തി ________________________________

3.: നഷ്ടപ്പെട്ടു ________________________________

4.: നിഴൽ ________________________________

II. കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.

ആരെയാണ് കേൾപ്പിച്ചത്? __________ . :) __________

III. കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

________________________________

________________________________

________________________________

IV. കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ സ്കൂളിൽ നടന്ന എന്തെങ്കിലും കാര്യത്തെ പറ്റി മൂന്ന് വാചകങ്ങൾ എഴുതുക.

________________________________

________________________________

________________________________

GURUKULAM

# പാഠം 7

## ബുദ്ധിയുള്ള കുരങ്ങ്

ഒരിയ്ക്കൽ രണ്ടു പൂച്ചകൾ ഒത്തുചേർന്ന് ഒരു നെയ്യപ്പം മോഷ്ടിച്ചും കൊണ്ട് ഒരു കാട്ടിൽ എത്തി. രണ്ടാൾക്കും ഇത് സമമായി എങ്ങിനെ പങ്കിടും എന്ന് അവർ ആലോചിയ്ക്കുന്ന് അവിടെ ഒരു മരത്തിൽ ഉണ്ടായിരുന്ന ഒരു കുരങ്ങ് ശ്രദ്ധിച്ചു. അവൻ പൂച്ചകളുടെ അടുത്തെത്തി അപ്പം പങ്കിട്ടു കൊടുക്കാം എന്ന് പറഞ്ഞ്, അപ്പം വാങ്ങി ഒരു കഷണം വലുതാക്കിയും മറ്റേത് ചെറുതാക്കിയും മുറിച്ചു. അപ്പോൾ പൂച്ചകൾ ഒരു കഷണം വലുതാണ് എന്നു പറഞ്ഞു. ഉടനെ കുരങ്ങ് അത് എടുത്ത് അതിൻെറ വലിയ ഒരു ഭാഗം കടിച്ചു തിന്നു. അപ്പോൾ പൂച്ചകൾ മറ്റേ കഷണമാണ് വലുത് എന്ന് പറഞ്ഞു. ഉടനെ കുരങ്ങ് അതും എടുത്ത് അതിൻെറ ഒരു വലിയ ഭാഗം വായിലാക്കി. അമളി മനസിലാക്കിയ പൂച്ചകൾ ബാക്കി ഭാഗം കൊണ്ട് സ്ഥലം വിട്ടു.

പരിചയം ഇല്ലാത്തവരുടെ സഹായം പ്രതീക്ഷിയ്ക്കരുത്.

GURUKULAM

## ബുദ്ധിയുള്ള കുരങ്ങ്

# അഭ്യാസം

I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. സ്___ലം ________
2. പൂ___കൾ ________
3. ക___ണം ________
4. പ___ഞ്ഞു. ________
5. മ___ത്തിൽ ________
6. ഉ___നെ ________

II. ഉചിതമായ ഇംഗ്ലിഷ് പദങ്ങൾ എഴുതുക.

1. ഒത്തുചേർന്ന് ________
2. സമമായി ________
3. ഭാഗം ________
4. ആലോചിയ്ക്കുക ________
5. പ്രതീക്ഷ ________
6. അടുത്തെത്തി ________
7. പരിചയം ________
8. മനസിലാക്കി ________
9. പങ്കിടുക ________
10. ശ്രദ്ധിച്ചു ________

III. മലയാളത്തിൽ ഉത്തരമെഴുതുക.

1. രണ്ടു പൂച്ചകൾ ഒത്തുചേർന്ന് എന്താണ് മോഷ്ടിച്ചത്?

________________________________

2. അപ്പം പങ്കിടാൻ ആലോചിയ്ക്കുന്നത് ആരാണ് കണ്ടത്?

________________________________

3. അമിളി മനസിലാക്കിയ പൂച്ചകൾ എന്തു ചെയ്തു?

________________________________

IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| നെയ്യപ്പം | ശ്രദ്ധിച്ചു | പൂച്ചകളുടെ | വാങ്ങി |
| പങ്കിടുക | വായിലാക്കി | പ്രതീക്ഷിയ്ക്കരുത് | മുറിച്ചു |
| കൊടുക്കാം | രണ്ടാൾക്കും | ചെറുതാക്കിയും | സഹായം |

GURUKULAM

ബുദ്ധിയുള്ള കുരങ്ങ്

## ഗൃഹപാഠം

I. താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1.: ശ്രദ്ധിച്ചു ______________________________

2.: പരിചയം ______________________________

3.: മനസിലാക്കി ______________________________

4.: പങ്കിടുക ______________________________

II. കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.

ആരെയാണ് കേൾപ്പിച്ചത്? ____________ :) ____________

III. കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

______________________________

______________________________

______________________________

IV. Translate the first 3 sentences of the story into Malayalam.

______________________________

______________________________

______________________________

______________________________

______________________________

# 8
## കാക്കയുടെ ബുദ്ധി

ഒരിക്കൽ ഒരു കാക്കയ്ക്കു വളരെ ദാഹം തോന്നി. അത് വെള്ളത്തിനു വേണ്ടി അലഞ്ഞു നടന്നു. ഒടുവിൽ അത് ഒരു കിണറിനടുത്ത് ഒരു ഭരണിയുടെ അടിയിൽ കുറച്ചു വെള്ളം കണ്ടു. കൗശലക്കാരനായ കാക്ക ആ വെള്ളം കുടിക്കാനുള്ള ഒരു വഴി കണ്ടു പിടിച്ചു. കുറച്ചു കല്ലുകൾ കൊത്തിയെടുത്തു ഭരണിയിൽ ഒന്നൊന്നായി ഇട്ടു. ക്രമേണ വെള്ളം ഭരണിയുടെ മേൽ ഭാഗത്തോളം ഉയർന്നു വന്നു. കാക്ക ദാഹശമനം വരുത്തി സംതൃപ്തിയോടെ പറന്നു പോയി.

ബുദ്ധി ഉപയോഗിച്ചാൽ വിഷമങ്ങളിൽനിന്നും രക്ഷപെടാം

GURUKULAM

കാക്കയുടെ ബുദ്ധി

## അഭ്യാസം

I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. വ__രെ ________
2. ന__ന്നു ________
3. ഭ__ണി ________
4. അടി__ൽ ________
5. കു__ച്ചു ________
6. കല്ലു__ൾ ________

II. ഉചിതമായ ഇംഗ്ലിഷ് പദങ്ങൾ എഴുതുക.

1. ബുദ്ധി ________
2. സംതൃപ്തി ________
3. ദാഹശമനം ________
4. രക്ഷപെടാം ________
5. ക്രമേണ ________
6. വിഷമങ്ങൾ ________
7. ഉപയോഗിച്ചു ________
8. കൌശലക്കാരൻ ________
9. ഒന്നൊന്നായി ________
10. അടിയിൽ ________

III. മലയാളത്തിൽ ഉത്തരമെഴുതുക.

1. കാക്ക എന്തിനു വേണ്ടിയാണ് അലഞ്ഞു നടന്നത്?

________________________________

2. കവെള്ളം കുടിക്കാൻ കാക്ക എന്തു വഴിയാണ് കണ്ടുപിടിച്ചത്?

________________________________

3. വിഷമങ്ങളിൽ നിന്നും രക്ഷപെടാൻ എന്തു ചെയ്യണം?

________________________________

IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| ബുദ്ധി | കൌശലക്കാരൻ | ഒന്നൊന്നായി | ഉപയോഗിച്ചു |
| കല്ലുകൾ | സംതൃപ്തി | ദാഹശമനം | രക്ഷപെടാം |
| ക്രമേണ | വിഷമങ്ങൾ | ഭരണിയുടെ | ഭാഗത്തോളം |

പാഠം 9

## പണ്ഡിതനും വഞ്ചിക്കാരനും

ഒരിക്കൽ ഒരു പണ്ഡിതൻ ഒരു വഞ്ചിയിൽ ഒരു നദി കടക്കുകയായിരുന്നു. അഹങ്കാരിയായ അയാൾ വഞ്ചിക്കാരനോടു തനിക്ക് വായിക്കാനും എഴുതാനും അറിയാമോ എന്നു ചോദിച്ചു. പാവം വഞ്ചിക്കാരൻ "ഇല്ല" എന്ന് ഉത്തരം പറഞ്ഞപ്പോൾ പണ്ഡിതൻ പറഞ്ഞു, "എന്നാൽ നിൻെറ ജീവിതത്തിൻെറ മൂന്നിലൊരുഭാഗം പാഴായി". കുറച്ചു നേരം കഴിഞ്ഞപ്പോൾ അയാൾ വീണ്ടും ചോദിച്ചു, "നിനക്ക് ഏതെങ്കിലും മതത്തെപ്പറ്റി അറിയാമോ?". വഞ്ചിക്കാരൻ തൻെറ അജ്ഞത അറിയിച്ചപ്പോൾ പണ്ഡിതൻ പറഞ്ഞു, "നിൻെറ ജീവിതത്തിൻെറ മൂന്നിൽ ഒരു ഭാഗം കൂടി നഷ്ടപ്പെട്ടു." ഈ സമയം ഒരു കൊടുങ്കാറ്റടിച്ച് വഞ്ചി ഉലയുവാൻ തുടങ്ങി. വഞ്ചിക്കാരൻ അയാളോട് ചോദിച്ചു, "പണ്ഡിത ശ്രേഷ്ഠൻ! അങ്ങേയ്ക്കു നീന്താൻ അറിയാമോ?". "ഇല്ല!". ഇതുകേട്ടു വഞ്ചിക്കാരൻ പറഞ്ഞു, "എങ്കിൽ അങ്ങയുടെ ജീവിതം മുഴുവൻ നഷ്ടമായിരിയ്ക്കുന്നു. കാറ്റിൽ വഞ്ചി മറിയുകയും വഞ്ചിക്കാരൻ നീന്തി രക്ഷപ്പെടുകയും, പണ്ഡിതൻ മുങ്ങി മരിയ്ക്കുകയും ചെയ്തു.

മറ്റുള്ളവരെ നിസ്സാരമായി കാണരുത്

10

## THE GREAT SCHOLAR

## ഒരു മഹാപണ്ഡിതൻെറ കഥ

ഒരിക്കൽ രണ്ടു കുട്ടികൾ ഒരു ഗുരുവിൻെറ അടുത്ത് വിദ്യ അഭ്യസിക്കുവാൻ ചെന്നു. അവരിൽ ഒരാൾ ബുദ്ധിമാനായിരുന്നു. അവൻ ഗുരു പറഞ്ഞതെല്ലാം നന്നായി പഠിച്ചു. ബോപ്ദേവൻ എന്ന മററേ കുട്ടിക്ക് ഒന്നും പഠിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഗുരു അവനെ ആശ്രമത്തിൽനിന്നും പുറത്താക്കി.

ബോപ്ദേവൻ ഒരു കിണററിനടുത്ത് വെള്ളം കുടിക്കാൻ ചെന്നു. അവിടെ ഗ്രാമീണ സ്ത്രീകൾ കുടങ്ങൾ വച്ചതിൻെറ ഘർഷണം കല്ലുകളിലുണ്ടാക്കിയ പല പാടുകൾ അയാൾ കണ്ടു. അയാൾ ഒരു നിമിഷം ചിന്തിച്ചു. എന്നിട്ട് സ്വയം പറഞ്ഞു. “കുടങ്ങൾ കല്ലിൽ പാടുകൾ ഉണ്ടാക്കി. ഞാൻ കല്ലിനേക്കാൾ കട്ടിയുള്ളവനാണ്.” അയാൾ ഗുരുവിൻെറ അടുത്തേയ്ക്ക് തിരിച്ചു ചെന്നു. ഗുരുവിനോടു മാപ്പു ചോദിച്ചിട്ട് പഠിക്കാൻ ആരംഭിച്ചു. വളരെ കുറച്ചുകാലം കൊണ്ട് അയാൾ ഒരു മഹാപണ്ഡിതനായിത്തീർന്നു. ഈടുററ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു.

## പ്രാർത്ഥനാ ഗീതം

അകതാരിൻ അറിവിൻ മണി.....
ദീപം തെളിയ്ക്കാൻ
ആനന്ദ രൂപാ നീ.....
യെന്നും കൃപചൊരിയു
ആത്മ പ്രകാശത്തിൻ.....
അധി നായകനാകും
അഖിലേശ്വരാ നിൻ പാദം
വന്ദിപ്പൂ ഞങ്ങൾ.

മാതാ പിതാ ഗുരു ദൈവം.....
ഏകോത്തമ ചിന്ത
ചിത്തത്തിൽ കുടികൊള്ളണ
മനവരതം നമ്മിൽ
സത്യത്തിൽ നിലകൊള്ളണ....
മതു തന്നെ ദൈവം
തത്വങ്ങൾ മുത്തുകളാ....
ണോർക്കേണം നമ്മൾ.

ഗുരുകുല മിതി ലനു ദിനവും....
കൈരളിതൻ ദീപ്തി
പടരട്ടെ മലനാടിൻ...
മക്കൾക്കായെന്നും.
ആത്മപ്രകാശത്തിൻ...
അധിനായകനാകും
അഖിലേശ്വര നിൻ പാദം....
വന്ദിപ്പൂ ഞങ്ങൾ.

രചന: ഒ.വി. തോമസ് സംഗീതം: കാർത്തികേയൻ

## Indian National Anthem

*Jana-gana-mana-adhinayaka, jaya he*
*Bharata-bhagya-vidhata*
*Punjab-Sindhu-Gujarata-Maratha-*
*Dravida-Utkala-Banga*
*Vindhya-Himachala-Yamuna-Ganga*
*Uchchala-Jaladhi-taranga*
*Tava shubha name jage*
*Tava shubha ashish maange*
*Gahe tava jaya-gatha*
*Jana-gana-mangala-dayaka jaya he*
*Bharata-bhagya-vidhata*
*Jaya he, jaya he, jaya he*
*Jaya jaya jaya, jaya he !*

## American National Anthem

**Oh, say can you see, by the dawn's early light,**
**What so proudly we hailed at the twilight's last gleaming?**
**Whose broad stripes and bright stars, through the perilous fight,**
**O'er the ramparts we watched, were so gallantly streaming?**
**And the rockets' red glare, the bombs bursting in air,**
**Gave proof through the night that our flag was still there.**
**O say, does that star-spangled banner yet wave**

**O'er the land of the free and the home of the brave?**